**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - അഡ്വ.എം.ഉമ്മർ എം.എൽ.എ. (മഞ്ചേരി) - 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 1571/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 15.05.2017

---

പരാമർശം - (1) 11.06.2012-ലെ 332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്

(2) ധനകാര്യ വകുപ്പ് നോഡൽ ഓഫീസർക്ക് അഡ്വ.എം.ഉമ്മർ, എം.എൽ.എ. നൽകിയ 24.11.2016 ലെ കത്ത്.

(3) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.03.2017 ലെ ഡിബി4-12856, 1878/17/സിഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

മഞ്ചേരി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അഡ്വ.എം.ഉമ്മർ എം.എൽ.എ. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിപ്രകാരം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തികളുടെ ഡിപി.ആർ. പരാമർശം 3 പ്രകാരം സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം, സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മഞ്ചേരി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അഡ്വ.എം.ഉമ്മർ എം.എൽ.എ യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന 4 പ്രവൃത്തികൾക്ക് വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(i) പ്രോജക്റ്റ് ഐ.ഡി. നം. 1326 – ഗ്യാസ് ഗോഡൗൺ - ഉള്ളാടംകുന്ന് -മുട്ടിപ്പാലം റോഡ് - 15 ലക്ഷം രൂപ.

(ii) പ്രോജക്റ്റ് ഐ.ഡി. നം. 1330 – രാമൻകുളം - കിടങ്ങഴി റോഡ് - 25 ലക്ഷം രൂപ.

(iii) പ്രോജക്റ്റ് ഐ.ഡി. നം. 1327 – മഞ്ചേരി സൗത്ത് ജി.എം.എൽ.പി.എസ്. റോഡ് - 10 ലക്ഷം രൂപ.

(iv) പ്രോജക്റ്റ് ഐ.ഡി. നം. 1329 – പട്ടർകുളം - പുളിയന്തൊടി - മേലേകണ്ടി റോഡ് - 25 ലക്ഷം രൂപ.

4. പ്രൊജക്റ്റ് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്റ്റ് അണ്ടർ എൽ.എ.സി.-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

റ്റി.പി.വിജയകുമാർ,

സ്പെഷ്യൽ സെക്രട്ടറി.

അഡ്വ.എം.ഉമ്മർ എം.എൽ.എ., മഞ്ചേരി നിയോജക മണ്ഡലം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

സെക്രട്ടറി, മഞ്ചേരി നഗരസഭ.

ധനകാര്യ വകുപ്പ് ( 1030926/എൻ.സി-സി1/2016/ധന)

ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.